ജനുവരി 10.
സംഗീതനഭസ്സിലെ ഗാനഗന്ധർവന്റെ എൺപതാം പിറന്നാൾ. സംഗീതപ്രേമികൾ സ്വന്തം കുടുംബത്തിലെ പ്രിയപ്പെട്ട ഒരംഗത്തിന്റെ ജന്മദിനം പോലെ ആഘോഷിച്ച ദിനം. പാട്ടുകാർ മുഖപുസ്തകത്തിൽ തങ്ങളുടെ പ്രിയഗായകന്റെ പ്രിയപ്പെട്ട പാട്ടു പാടി ജന്മദിനാശംസകൾ നേർന്നു. മലയാളത്തിന്റെ പ്രിയപാട്ടുകാരി ശ്വേത മോഹൻ അതിൽ നിന്നും മികച്ച ചില ഗാനങ്ങൾ തെരഞ്ഞെടുത്ത് തന്റെ പേജിലൂടെ പങ്ക് വച്ചു. അതിലൊന്നാകാൻ ഭാഗ്യം ലഭിച്ച ഒരു ഗായിക, ടാലന്റഡ് ബാങ്കേഴ്സിന്റെ രണ്ടാം കൂട്ടായ്മയുടെ മുന്നൊരുക്കങ്ങൾക്ക് വർണപ്പകിട്ട് നൽകി ആ മീറ്റിൽ പാറിപ്പറന്നുനടന്ന ഒരാൾ. ഈ ദളത്തിലൂടെ നിങ്ങൾക്ക് മുന്നിലെത്തുന്നത് ആ ഗായികയാണ്.

ഷാരോൺ മരിയ വിൽസൺ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
ആർ ബി ഒ 3,
ആലുവ.

സംഗീതവുമായി ഏറെ അടുത്ത ബന്ധമായിരുന്നു ഷാരോണിന്റെ കുടുംബത്തിന്. അച്ഛന്റെ അച്ഛൻ അക്കാലത്ത് പള്ളിയിലെ ക്വയർ ഗായകൻ ആയിരുന്നു. അച്ഛൻ വിൽസൺ ജോസഫും സഹോദരങ്ങളും ഒക്കെ സംഗീതത്തിന്റെ ഓരോ മേഖലയിൽ പ്രാവീണ്യം നേടിയവരായിരുന്നു. മലപ്പുറം പരിയാപുരത്ത് സെന്റ് മേരീസ് ഹൈസ്കൂളിൽ നിന്നും ക്ലാർക്ക് ആയി റിട്ടയർ ചെയ്ത അദ്ദേഹം 30 കൊല്ലമായി ഫാത്തിമാ മാതാ എപ്പിസ്കോപ്പൽ പള്ളിയിലെ ക്വയർ ലീഡറും കീബോർഡ് വാദകനും ആണ്.
അമ്മ എൽസി വിൽസൺ തിരുവമ്പാടി സേക്രഡ് ഹാർട്ട് ഹൈസ്കൂളിലെ അദ്ധ്യാപികയും നല്ല ഒരു പാട്ടുകാരിയും ആണ്. സഹോദരി ഷെറിൻ ആനി വിൽസൺ ചിത്രരചനയിലും സംഗീതത്തിലും ഏറെ പ്രതിഭയുള്ള കലാകാരി.

നാലാമത്തെ വയസ്സിൽ അച്ഛന്റെ മുന്നിൽനിന്നാണ് കുഞ്ഞുഷാരോൺ സംഗീതത്തിന്റെ സ്വരങ്ങളുടെ ആദ്യമധുരം നുകർന്നത്. അഞ്ചാം വയസ്സിൽ അച്ഛന്റെ തന്നെ ഗുരുവായ മങ്കട ദാമോദരൻ മാഷുടെ ശിഷ്യത്വം സ്വീകരിച്ചു. അംഗൻവാടിയിൽ പഠിക്കുമ്പോൾ ആക്ഷൻ സോങ്ങിന് വേദിയിൽ കയറിയ കുഞ്ഞ് ഷാരോണിന് 10 വരെ പഠിച്ച പ്രസന്റേഷൻ ഇംഗ്ലീഷ് മീഡിയം ഹയർ സെക്കന്ററി സ്കൂളിലെ വേദികളിൽ കയറാൻ ഒരു സഭാകമ്പവും ഉണ്ടായില്ല. ഒരുപാട് കലാകാരികൾ മത്സരിക്കാനുണ്ടായിരുന്നത് കൊണ്ട് പലപ്പോഴും രണ്ടാം സ്ഥാനവും മൂന്നാം സ്ഥാനവും കൊണ്ട് തൃപ്തി അടയേണ്ടി വന്നെങ്കിലും മത്സരത്തിന്റെ ആവേശം എന്നും സിരകളിൽ ജ്വലിച്ചു നിന്നു.

സംസ്ഥാനതലത്തിൽ പലപ്പോഴും ഗ്രൂപ്പ് ഇനങ്ങളിൽ പങ്കെടുക്കേണ്ടി വന്നപ്പോഴാണ് തന്റേതായ ഒരു വഴി കലയിൽ ഉണ്ടാക്കേണ്ടിയിരിക്കുന്നു എന്ന് ഷാരോണിന് തോന്നിയത്.

അങ്ങനെയാണ് ദാസേട്ടന്റെ ട്രൂപ്പിലെ അംഗമായ ഷെപ്പ് മാത്യുവിന്റെ അടുത്ത് വയലിനിൽ പാശ്ചാത്യ സംഗീതം പഠിക്കാൻ ചേർന്നത്. അത് ആറാം ക്ലാസ്സിൽ പഠിക്കുമ്പോൾ. കലാജീവിതത്തിൽ അത് ഏറെ മാറ്റങ്ങൾ ഉണ്ടാക്കി.

അക്കാലത്ത് സ്വയം എഴുതി ചിട്ടപ്പെടുത്തി ആകാശവാണിയിൽ ധാരാളം പാട്ടുകൾ അവതിരിപ്പിച്ചിരുന്നു ഷാരോണിന്റെ പിതാവ്. നൂറോളം ക്രിസ്തീയ ഭക്തിഗാനങ്ങളുടെ സമാഹാരം തയ്യാറാക്കിയിട്ടുള്ള അച്ഛൻ തന്നെ ചിട്ടപ്പെടുത്തിയ "ഓണനിലാവേ.. പൊന്നോണനിലാവേ...."എന്ന ഗാനം റേഡിയോയിൽ പാടി അവതരിപ്പിക്കാൻ ഷാരോണിന് ഭാഗ്യവും ലഭിച്ചു.

പത്താം ക്ലാസ്സ് വരെ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും തിളങ്ങാൻ തന്റെ വയലിൻ പഠനം സഹായിച്ചു എങ്കിലും പത്താം ക്ലാസ്സ് കഴിഞ്ഞതോടെ സംഗീതപഠനം നിലച്ച പോലെയായത് ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ ഏറെ നഷ്ടബോധം ഉണ്ടാക്കുന്നുണ്ട്.

ബി ടെക്കിന് എൽ ബി എസിൽ പഠിക്കുമ്പോൾ ധാരാളം അവസരങ്ങൾ ലഭിച്ചിരുന്നു എന്ന് സന്തോഷത്തോടെ ഷാരോൺ ഓർക്കുന്നു. അക്കാലത്ത് റിഥം 2k9 എന്ന പരിപാടിയുടെ തീം ഗാനം അവതരിപ്പിക്കാൻ അവസരം ലഭിച്ചു എന്നത് ഏറെ സന്തോഷം ഉണ്ടാക്കി.

പഠനശേഷം ഐ സി ഡി യിൽ ചേർന്ന് പഠിക്കുന്ന കാലത്ത് ആ ക്യാമ്പസ്സിലെ ആംഫിതിയേറ്റർ ഉത്ഘാടനത്തിന് നല്ല ഒരു കലാകാരൻ കൂടിയായ അതിന്റെ ഡയറക്ടർ ശ്രീ ജയകൃഷ്ണനുമൊത്ത് "ജബ് ദീപ് ജലേ ആനാ..."എന്ന ഗാനം ആലപിക്കാനായത് ജീവിതത്തിലെ മറക്കാനാവാത്ത നിമിഷമെന്ന് ഷാരോൺ.

കേരളത്തിൽ മുഴുവനും വിതരണം നടത്തിയ 'കൃപ നിറഞ്ഞ മറിയം' ഉൾപ്പെടെ മൂന്ന് സംഗീത ആൽബങ്ങളിൽ ബിജു നാരായണൻ, കെസ്റ്റർ, മധു ബാലകൃഷ്ണൻ എന്നിവർക്കൊപ്പം പാടാനും ശാലോം ടിവിയിലെ ഒരു പരിപാടിയിൽ പാടാനും ഷാരോണിന് ഭാഗ്യം ലഭിച്ചു.

2013ൽ ആണ് ഷാരോൺ എസ് ബി ടിയിലൂടെ ബാങ്ക് ജോലിയിൽ പ്രവേശിക്കുന്നത്. എടവണ്ണ ശാഖയിൽ. അവിടെ നിന്നും, മക്കരപ്പറമ്പ്, തായിക്കാട്ടുകര എന്നീ ശാഖകളിലൂടെ ഇന്നത്തെ ലാവണത്തിൽ.

ഇതിനിടെ ഫെഡറൽ ബാങ്കിന്റെ എറണാകുളം റീടെയിൽ ബാങ്കിംഗ് ഡിപ്പാർട്ട്മെന്റിലെ കോട്ടയം സ്വദേശിയായ റോബി മാത്യുവിന്റെ ജീവിതത്തിന്റെ ഭാഗമായി ഷാരോൺ. ആ ജീവിതത്തിൽ സ്നേഹപ്പൂക്കൾ വിടർത്തി എൽ കെ ജി ക്കാരി സാറ റോസ് റോബിയും ഇന്നിവർ ആകാംഷയോടെ കാത്തിരിക്കുന്ന ഒരു കുഞ്ഞുവാവയും.

ബാങ്ക് ആണ് തനിക്ക് നിറയെ അവസരങ്ങൾ ഒരുക്കിയതെന്നാണ് ഷാരോണിന്റെ വിശ്വാസം. എസ് ബി ടി 2014ൽ നടത്തിയ ബാങ്ക് ഫെസ്റ്റിൽ ലളിതഗാനത്തിന് ഒന്നാം സ്ഥാനം, കഴിഞ്ഞ വർഷവും ഈ വർഷവും എസ് ബി ഐയുടെ സർഗോത്സവത്തിൽ എറണാകുളം സോണിൽ നിന്നും ഗാനാലാപനത്തിൽ ഒന്നാം സ്ഥാനം, ബാങ്കിന്റെ

നിരവധി വേദികളിൽ പാടാൻ അവസരം ഒക്കെ ജീവിതത്തിലെ ഭാഗ്യമായാണ് ഷാരോൺ കാണുന്നത്. യോനോ ആപ്പിന്റെ വീഡിയോ അവതരണത്തിന്റെ രചനക്കും അതിന് ശബ്ദം നൽകിയതിനും ബാങ്കിന്റെ ഉന്നതാധികാരികൾ നൽകിയ അംഗീകാരം എപ്പോഴും ഓർമയിൽ സൂക്ഷിക്കാവുന്ന ഒന്നാണെന്ന് ഷാരോൺ.

ജീവിതം എപ്പോഴും വർണാഭമാകണം എന്നാണ് ഷാരോണിന്റെ ആഗ്രഹം. ഓരോ മുഹൂർത്തങ്ങളും ആസ്വാദ്യകരമാണ്. അതാണ് കഴിഞ്ഞ ആലുവ മീറ്റിന്റെ ഓർഗനൈസിംഗ് കമ്മിറ്റിയിൽ ആദ്യം മുതൽ പങ്കെടുക്കാൻ ഷാരോണിനെ പ്രേരിപ്പിച്ചത്. മീറ്റിന്റെ ദിവസം രാവിലെ തന്നെ എത്തി പ്രിയമിത്രങ്ങൾക്കൊപ്പം വേദി വർണാഭമാക്കുന്നതിൽ മുഴുകിയ ഷാരോൺ "കണ്ണുനീർമുത്തുമായ് കാണാനെത്തിയ കതിരുകാണാക്കിളിയായാണ്..." സഹൃദയർക്ക് മുന്നിൽ എത്തി കയ്യടി വാങ്ങിയത്. മുഖപുസ്തകത്തിലൂടെ "ആരോ വിരൽ മീട്ടി.." ആസ്വാദകരുടെ സ്നേഹം കവർന്ന ഷാരോണിന്റെ സ്വപ്നം മുഴുവൻ സംഗീതമാണ്.

തന്റെ സംഗീതവല്ലിയിലെ പുതിയ അതിഥി മാർച്ചിൽ എത്തുന്നതും കാത്തിരിക്കുന്ന ഷാരോണിന് ടാലന്റഡ് ബാങ്കേഴ്സ് കൂട്ടായ്മ എല്ലാ ആശംസകളും നേരുന്നു.

**English Version**

Jan 10 - The day marked with plenteousness of blessings by virtue of being the birth day of one of, if not, the greatest and the most acclaimed celestial singer, KJ Yesudas - the day which music doyens and aficionados celebrated wholeheartedly traversing divides of all sorts in the likeness of how they would have, had he been a member of their own family.

Singers took to their Facebook pages to harness the opportunity to signify their admiration for the legendary singer, singing songs to the best of their abilities out of which some of them in turn were shared by the famed singer Shwetha Mohan. To the seamless content of the banking fraternity, one among us-to say the least-made many a person's musical conscience sway alongside the soulful rendition of the song 'Aaro Viral Meetti' which eventually made her rise to stardom, that too in the blink of an eye.

With that prelude be cited, apparently in a lighter vein, let us take the privilege to introduce this week's multifariously talented banker.

Sharon Maria Wilson,
State Bank of India,
RBO-3, Aluva

We have volumes to talk about Sharon’s musical legacy which has it's roots deep down the solid foundations of a family which breathed music. Her father was a choir singer in church back then and his siblings too were trained in music.

Sharon’s father retired as a clerk from St Mary's high school, Mariapuram. He has been a key board player and choir leader at Fatima Matha Episcopal Church for the past 30 years. Her sister is a singer and a painter.Sharon’s mother, Mrs Elsie is a teacher at Sacred Heart High School, Thiruvambady and a great singer as well.

At the age of four, Sharon started learning music from her father. At five, she became the disciple of her father's Guru, Shri Mankada Damodaran. Having staged Action Song at a very young age, she was way from from reluctance to perform on stage while she was at Presentation Higher Secondary School. Her irresistible passion to trod new paths of music made her learn violin from Mr Ipe Mathew, a member of Mr KJ Yesudas’ music troupe.

Sharon's father had composed many songs and presented them in Akashavani during that period. Sharon was fortunate enough to perform the song "Ona nilaave ponnonilave", which was composed by her father who had composed over hundred Christian devotional songs.Though learning violin brought several accolades to her credit, she can’t help self resentment, on walking down the memory lane to behold her passion succumb to ennui after her finishing tenth grade.

However Sharon blissfully recounts that while doing B Tech at LBS, she had plenitude of opportunities to showcase her talents as a singer. She feels exuberant about having played the theme song of the event, Rhythm 2019.

Not so long after, Sharon sang the song "Jab Deep Jale Ana " with Sri Jayakrishnan, the director of ICD and a great artist at the inauguration of the Amphitheater in the campus.The most remarkable of her feats is that she has sung along with renowned singers like Biju Narayanan, Kester and Madhu Balakrishnan for three music albums including 'Kripa Niranja Mariyam' .

Sharon joined SBT in 2013 at its Edavanna branch. Before joining the current desk, she worked in Makkaraparambu and Thaikkattukara branches. Her husband Mr Robbie Mathew is working with Federal Bank's Retail Banking Department, Ernakulam and their daughter Sarah Rose Robbie is a Jr.KG student.

Sharon opines that the bank has provided her with profligant opportunities she long wished. Sharon let her sweet voice sing out at the SBT Bank Fest 2014 and got placed first in the competition. Also she lent her voice of manificence to SBI's Sargotsavam and grabbed first position in singing competitions. The most cherished among all her attainments is the recognition she earned for the prominent role she played during the introductory stage of Yono App.

Sharon relishes the varied hues of life and takes delight in it’s sublimity. That's what prompted her to be a vibrant member of the organizing committee of the last years’ Talented Banker’s meet hosted at Aluva. At the event, she enthralled the audience with the inflections of her mesmerizing voice while she rendered the song ‘Kannuneer muthumay kaananethiya kathiru kaanakili njan’.

Sharon and her family is awaiting fondly for their new little bundle of joy who is expected to arrive on March.

We wish her all success to keep on touching hearts through her inimitable and soulful melodies.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

English version: Drisya Saseendran , Union Bank of India, Regional Office, Thiruvananthapuram